# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2978** — **18.06.2019-ൽ മറുപടിക്ക്**

## സ്വകാര്യ മേഖലയിൽ പുതുതായി സ്കൂളുകൾ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പുതുതായി സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അനുവദിച്ചിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ അവ ഏതൊക്കെ മാനേജ്മെന്റിന് കീഴിലാണെന്നറിയിക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | സ്വകാര്യ സ്കൂളുകൾ ആരംഭിക്കുന്ന കാര്യത്തിൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | സർക്കാർ അനുമതി ഇല്ലാതെ ആരംഭിച്ച സ്കൂളുകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | 2009 -ലെ വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് സ്കൂളുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അടച്ചുപൂട്ടൽ നോട്ടീസ് നൽകുന്ന ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. ഇത്തരം സ്കൂളുകൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ഇതിനെതിരെ ഉത്തരവ് വാങ്ങുകയും ചെയ്യുകയുണ്ടായി. ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാത്ത അൺ-എയ്ഡഡ് സ്കൂളുകൾക്ക് (സംസ്ഥാന പാഠ്യപദ്ധതി/സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ) അംഗീകാരം/എൻ.ഒ.സി നൽകുന്നത് പരിശോധിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ സ്വീകരിച്ച് അതിൻമേലുള്ള നടപടി പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ